**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കൊല്ലം ജില്ല നെടുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. ജ്യോതിരാജ് സമർപ്പിച്ച അപ്പീൽ അപേക്ഷ— തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3322/2017/തസ്വഭവ          തീയതി, തിരുവനന്തപുരം. 14.10.2017

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 04.12.2016-ലെ ഡി6-36657/15 നമ്പർ ഉത്തരവ്

2. ശ്രീ. എം. ജ്യോതിരാജ് 10.03.2017-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 05.06.2017-ലെ ഡി6-36657/15 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ തെറ്റായി രേഖപെടുത്തിയതു കാരണം ഇരട്ടിത്തുക ഗുണഭോക്താക്കൾക്ക് ലഭിക്കാനിടയായി എന്ന കുറ്റത്തിന് ടി പഞ്ചായത്തിലെ സെക്രട്ടറി ശ്രീ. എം. ജ്യോതിരാജിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. ഇതിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപ്പീൽ അപേക്ഷയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേട്ടു.

പെൻഷൻ വിതരണം ഉടൻ തന്നെ ഡി.ബി.ടി വഴിയാക്കുകയാണെന്നും അംഗീകരിച്ച എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അതത് മാസത്തിൽ സേവന സോഫ്റ്റ് വെയറിൽ ആക്കണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ 24.06.2015-നു കൂടിയ യോഗത്തിൽ നിർദ്ദേശിച്ചതിനാൽ ആയതിനു തിരക്കിട്ടു ജോലികൾ ചെയ്തു തീർത്തപ്പോൾ 7 ഗുണഭോക്താക്കളുടെ വയസ്സ് രേഖപെടുത്തേണ്ട സ്ഥാനത്തു വീട്ടു നമ്പർ രേഖപ്പെടുത്തി എന്നും ആയതു വിതരണം നടന്ന മാസം തന്നെ കണ്ടെത്തുകയും അധികമായി വിതരണം ചെയ്ത തുക തിരികെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയെന്നും ആയതിനാൽ മന:പൂർവം അല്ലാതെ സംഭവിച്ച വീഴ്ച്ച മാപ്പാക്കി ശിക്ഷ നടപടികളിൽ നിന്ന് ഒഴിവാക്കി നൽകണമെന്നും നേരിൽ കേട്ട വേളയിൽ ടിയാൻ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിഷയത്തിന്മേൽ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.ബോബി ഫ്രാൻസിസ്, സീനിയർ ക്ലർക്ക് ശ്രീ. അനന്ദ് എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടിയ്ക്കെതിരെ ടിയാളുകൾ

സമർപ്പിച്ച അപ്പീൽ അപേക്ഷ ടിയാളുകൾക്ക് സെൻഷ്വർ നല്കി തീർപ്പാക്കിയിരുന്നു എന്ന് കാണുന്നു. ഇതു സംബന്ധിച്ച് പഞ്ചായത്തു ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലും മേൽ വിവരങ്ങൾ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ ടിയാനോടൊപ്പം ടി പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ബോബി ഫ്രാൻസിസ്, സീനിയർ ക്ലർക്ക് ശ്രീ. അനസ് എന്നിവർക്ക് 'സെൻഷ്വർ' നല്കി തീർപ്പാക്കുകയും, അതേ കുറ്റത്തിന് ശ്രീ. ജ്യോതിരാജിനെ മാത്രം ശിക്ഷിക്കുന്നതും ഉചിതമല്ല. കൂടാതെ ഇതു സംബന്ധിച്ച് സർക്കാരിന് ബാധ്യത ഉണ്ടായിട്ടുമില്ല. ഡാറ്റാ എൻട്രിയിലെ പിഴവുകൊണ്ടാണ് ഇത്തരത്തിൽ തെറ്റ് സംഭവിച്ചതെന്നും തെറ്റ് തിരിച്ചറിഞ്ഞപ്പോൾ ടി ആളുകളിൽനിന്ന് തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നും ഇതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും പഞ്ചായത്തു ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നെട്ടുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. ജ്യോതിരാജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി 'സെൻഷ്വർ' നൽകി ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. എം. ജ്യോതിരാജ്, മുൻ സെക്രട്ടറി, നെട്ടുവത്തൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/175/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ